# 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ

## കേരള സംസ്ഥാനത്തെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തന പ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനും ഉള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത്, നെൽവയലുകളും നീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻതോതിൽ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ;

നെൽവയലുകളും നീർത്തടങ്ങളും പരിവർത്തനപ്പെടുത്തുകയോ രൂപാന്തര പ്പെടുത്തുകയോ ചെയ്യുന്നത് നിയന്ത്രിക്കുന്നതിനുള്ള യാതൊരു നിയമങ്ങളും നിലവിൽ ഇല്ലാത്തതിനാലും ;

കേരള സംസ്ഥാനത്തെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിന് വേണ്ടി, അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത്, പൊതുതാല്പര്യാർത്ഥം, യുക്തമായിരിക്കുമെന്ന് സർക്കാരിന് ബോധ്യം വന്നതിനാലും :

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന്, 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—(i) "കാർഷിക പാരിസ്ഥിതിക മേഖല" എന്നാൽ ഒരു മേഖലയിലെ ഭൂമിയുടെ നിമ്നോന്നതാവസ്ഥ, മണ്ണും ഭൂപ്രകൃതിയും ഭൂവിനിയോഗക്രമം, കന്നുകാലി സമ്പത്തിന്റെ സ്വഭാവ വിശേഷങ്ങൾ ഉൾപ്പെടെയുള്ള ജൈവ-ഭൗതിക സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ, താരതമ്യേന ഒരേ സ്വഭാവമുള്ളതായി കരുതപ്പെടുന്ന പ്രദേശങ്ങൾ എന്നർത്ഥമാകുന്നു.

975/2007.

(ii) "കളക്ടർ" എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നതും അതിൽ കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;

(iii) "പരിവർത്തനപ്പെടുത്തൽ" എന്നാൽ നെൽകൃഷി ചെയ്തുകൊണ്ടിരുന്ന ഒരു സ്ഥലം അതിന്റെ അനുബന്ധ നിർമ്മിതികളായ ജല നിർഗ്ഗമന ചാലുകളും, കുളങ്ങളും, തടാകങ്ങളും, കൈത്തോടുകളും, കിണറുകളും, മറേറതെങ്കിലും ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്ന അവസ്ഥ എന്നർത്ഥമാകുന്നു ;

(iv) "ജില്ല" എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു ;

(v) "ജല നിർഗ്ഗമന ചാല്" എന്നാൽ നെൽവയലിലേയ്ക്കും അതിൽ നിന്ന് പുറത്തേയ്ക്കും ജലം കടത്തി വിടുന്നതിനുള്ള ചാല് എന്നർത്ഥമാകുന്നു ;

(vi) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(vii) "നെൽവയലിന്റെ അനുഭവക്കാരൻ" എന്നാൽ ഉടമസ്ഥനായോ പാട്ടക്കാരനായോ മറ്റുവിധത്തിലോ നെൽവയൽ കൈവശം വെച്ചിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(viii) "കുടുംബശ്രീ യൂണിറ്റുകൾ" എന്നാൽ സർക്കാരിന്റെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ എന്നർത്ഥമാകുന്നുതും അതിൽ സ്വയംസഹായ സംഘങ്ങൾ ഉൾപ്പെടുന്നതുമാകുന്നു ;

(ix) "തദ്ദേശ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിർവ്വചിച്ച പ്രകാരമുള്ള ഒരു പഞ്ചായത്ത് എന്നോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിർവ്വചിച്ച പ്രകാരമുള്ള ഒരു മുനിസിപ്പാലിറ്റി എന്നോ അർത്ഥമാകുന്നു ;

(x) "പ്രധാന നെല്ലുല്പാദന പ്രദേശങ്ങൾ" എന്നാൽ 3-ാം വകുപ്പിൽ പരാമർശിക്കുന്ന നെല്ലുല്പാദന പ്രദേശങ്ങൾ എന്നർത്ഥമാകുന്നു ;

(xi) "നെൽവയൽ" എന്നതിൽ സംസ്ഥാനത്തെ തീരദേശത്തോ, മദ്ധ്യമേഖലയിലോ, മലയോരത്തോ സ്ഥിതിചെയ്യുന്നതും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതും അല്ലെങ്കിൽ നെൽകൃഷിക്കനുയോജ്യമായതും അല്ലെങ്കിൽ കൃഷി ചെയ്യാതെ തരിശ്ശിട്ടിരിക്കുന്നതും ആയ എല്ലാത്തരം നിലവും അതിന്റെ അനുബന്ധ നിർമ്മിതികളായ ജലനിർഗ്ഗമന ചാലുകളും, കുളങ്ങളും, തടാകങ്ങളും, കൈത്തോടുകളും, കിണറുകളും ഉൾപ്പെടുന്നതാകുന്നു ;

(xii) "പാടശേഖരസിമിതി" എന്നാൽ നെല്ലിന്റെയും അനുബന്ധ വിളകളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കർഷക സംഘടന എന്നർത്ഥമാകുന്നു ;

(xiii) "രൂപാന്തരപ്പെടുത്തൽ" എന്നാൽ ഈ ആക്റ്റിൽ നിർവചിച്ച പ്രകാരമുള്ള നെൽവയലോ ചതുപ്പു നിലമോ ഏതെങ്കിലും പ്രവർത്തിയോ തുടർപ്രവർത്തികളോമൂലം, സ്ഥിരമായും സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിൽ ആക്കാൻ സാദ്ധ്യമല്ലാത്തതുമായ വിധത്തിൽ രൂപാന്തരപ്പെടുത്തുക എന്നർത്ഥമാകുന്നു ;

(xiv) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(xv) "നീർത്തടങ്ങൾ" എന്നാൽ മണ്ണ് ജലപൂരിതമാക്കിക്കൊണ്ട്, കര പ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതിചെയ്യുന്നതും, ജലനിരപ്പ് സാധാരണ ഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴം കുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ അഥവാ മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യം കൊണ്ട് സവിശേഷമാകുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, അഴിമുഖങ്ങൾ, ചേറ്റു പ്രദേശങ്ങൾ, ശുദ്ധജല തടാകങ്ങൾ കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പു നിലങ്ങൾ ഓരുള്ള ചതുപ്പു നിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവ ഉൾപ്പെടുന്നതും, നെൽവയലുകളും നദികളും ഉൾപ്പെടാത്തുതുമാകുന്നു.

3. <u>പ്രമുഖ നെല്ലുൽപ്പാദന പ്രദേശങ്ങൾ.</u>—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും, സസ്ഥാനത്തെ വ്യത്യസ്ത കാർഷിക-പാരിസ്ഥിതിക മേഖലകളിൽ സ്ഥിതിചെയ്യുന്ന, താഴെപറയുന്ന നെൽവയലുകൾ പ്രമുഖ നെല്ലുൽപ്പാദന പ്രദേശങ്ങൾ എന്നറിയപ്പെടുന്നതാണ്, അതായത്:—

(എ) വയനാട് ജില്ലയിലെ മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന ആതി അഥവാ കോരവക്കണ്ടം വയലുകൾ ;

(ബി) കണ്ണൂർ ജില്ലയിലെ കണ്ണൂർ, തലശ്ശേരി തളിപ്പറമ്പ് എന്നീ താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന കൈപ്പാട് വയലുകൾ ;

(സി) ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലും അമ്പലപ്പുഴ താലൂക്കിന്റെ ചില ഭാഗങ്ങളിലും സ്ഥിതിചെയ്യുന്ന കരപ്പുറം പാടങ്ങൾ ;

(ഡി) കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ഹോസ്ദുർഗ്ഗ് എന്നീ താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന കൊളാക്കായി പാടങ്ങൾ ;

(ഇ) തൃശൂർ ജില്ലയിലെ മുകുന്ദപുരം, തൃശൂർ, ചാവക്കാട് തലപ്പിള്ളി എന്നീ താലൂക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലും സ്ഥിതി ചെയ്യന്ന കോൾനിലങ്ങൾ ;

(എഫ്) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലും അമ്പലപ്പുഴ, മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിലെ ചില ഭാഗങ്ങളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിന്റെ ചില ഭാഗങ്ങളിലും കോട്ടയം ജില്ലയിലെ വൈക്കം, കോട്ടയം താലൂക്കുകളിലെ ചില ഭാഗങ്ങളിലും സ്ഥിതി ചെയ്യുന്ന കുട്ടനാടൻ പാടങ്ങൾ ;

(ജി) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന പള്ളിയൽ പാടങ്ങൾ ;

(എച്ച്) എറണാകുളം ജില്ലയിലെ കൊച്ചി, കണയന്നൂർ, പറവൂർ, തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ സ്ഥിതി ചെയ്യുന്ന പൊക്കാളി നിലങ്ങൾ ;

(ഐ) പാലക്കാട് ജില്ലയിലെ മുഴുവൻ നെൽവയലുകളും ;

(ജെ) സംസ്ഥാനത്തെ മദ്ധ്യമേഖലാ പ്രദേശത്തെ കുന്നുകളുടെ ഇടയ്ക്കുള്ള കണ്ടങ്ങളും ഇരുപ്പൂനിലങ്ങളും ;

(കെ) ഏതെങ്കിലും വൻകിട അല്ലെങ്കിൽ ചെറുകിട ജലസേചന പദ്ധതിയുടെ ആയക്കട്ട് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന നെൽവയലുകൾ ;

(എൽ) സർക്കാർ, കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടുന്ന പ്രകാരം വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും നെൽപ്പാടം ;.

4. നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനും തരിശ്ശിടുന്നതിനും ഉള്ള വിലക്ക്.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും, പ്രധാന നെല്ലുൽപ്പാദന പ്രദേശത്തുള്ള നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യാൻ പാടില്ലാത്തതും നെൽവയൽ തരിശ്ശിടാൻ പാടില്ലാത്തതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ, പ്രസ്തുത നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവം കണക്കിലെടുത്തുകൊണ്ട്, കൃഷിചെയ്യുന്ന ഏതെങ്കിലും ഇടവിളയുടെയോ അല്ലെങ്കിൽ ഏതെങ്കിലും പച്ചക്കറിയുടെയോ അല്ലെങ്കിൽ പയറുവർഗ്ഗത്തിന്റെയോ അല്ലെങ്കിൽ നെല്ലും മത്സ്യവും സംയോജിതമായോ മാറിമാറിയോ ചെയ്യുന്ന കൃഷിക്ക് ബാധകമാകുന്നതല്ല.

5. ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.—(1) 4-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്.

(2) മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും, തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന നെൽവയലിലെ കൃഷിയേയും കൂടാതെ പാരിസ്ഥിതിക വ്യവസ്ഥകളെയും പ്രസ്തുത പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ദോഷകരമായി ബാധിക്കുകയില്ല എന്നും, ഉചിതമായ അന്വേഷണത്തിന് ശേഷം ബോദ്ധ്യം വന്നാലല്ലാതെ, സർക്കാർ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കിക്കൊടുക്കലും അനുവദിക്കാൻ പാടുള്ളതല്ല.

6. നീർത്തടങ്ങൾ പരിവർത്തനപ്പെടുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും അതിൽനിന്നും മണൽ നീക്കം ചെയ്യുന്നതിനും ഉള്ള വിലക്ക്.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്ന് മുതൽക്കും, സംസ്ഥാനത്തെ നീർത്തടങ്ങൾ അതേപോലെയും കൈയേറ്റത്തിൽ നിന്നും മലിനീകരണത്തിൽ നിന്നും മുക്തമായും കാത്തുസൂക്ഷിക്കേണ്ടതും അപ്രകാരമുള്ള നീർത്തടങ്ങൾ പരിവർത്തനപ്പെടുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്നും മണൽ നീക്കംചെയ്യുന്നതും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ്.

7. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരുടെ നിയമനവും അവരുടെ അധികാരങ്ങളും.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി ഡെപ്യൂട്ടി തഹസിൽദാരുടെ പദവിയിൽ താഴെയല്ലാതെ റവന്യൂ വകുപ്പിലെ അത്തരം ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരായി നിയമിക്കാവുന്നതും ഈ ആക്റ്റ്പ്രകാരം അവരുടെ അധികാരങ്ങൾ വിനിയോഗിക്കുന്ന പ്രദേശം നിശ്ചയിച്ച് നൽകേണ്ടതുമാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്നുവെന്ന് തിട്ടപ്പെടുത്തുന്ന കാര്യത്തിനായോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നതിനെ തടയുന്നതിനോ,—

(എ) ഈ ആക്റ്റ് പ്രകാരം ആരോപിക്കപ്പെട്ട കുറ്റത്തിന്മേൽ പരിശോധനയോ, എൻക്വയറിയോ, അന്വേഷണമോ ആവശ്യമാണെന്ന് അയാൾ കരുതുകയാണെങ്കിൽ ആവശ്യമായ സന്നാഹത്തോടെയും യുക്തമായ സമയത്ത് ഏത് സ്ഥലത്തും അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഏത് പരിസരത്തിലും പ്രവേശിക്കാവുന്നതും ;

(ബി) ഈ ആക്റ്റിലെ 4-ഉം, 6-ഉം വകുപ്പുകളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾ നിർത്തുവാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാവുന്നതും ;

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും യാനമോ അല്ലെങ്കിൽ വാഹനമോ, മറ്റു വാഹനസൗകര്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കുകയും അവയുടെ കണ്ടുകെട്ടലിനായി നടപടികൾ തുടങ്ങുന്നതിനായി കളക്ടർക്ക് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതും ;

(ഡി) അദ്ദേഹം ആവശ്യമാണെന്നു കരുതുന്ന അത്തരം വിവരം നൽകാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാവുന്നതും ;

(ഇ) കുറ്റകൃത്യത്തെപ്പറ്റിയുള്ള ഫോട്ടോഗ്രാഫ് എടുക്കുകയും, ആവശ്യമായ വിവരപ്പട്ടിക തയ്യാറാക്കുകയോ അല്ലെങ്കിൽ തെളിവ് ശേഖരിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും ചെയ്യുകയും പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി അധികാരിതയുള്ള കോടതിയിലേക്ക് റിപ്പോർട്ട് അയയ്ക്കേണ്ടതും ;

(3) ഈ വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഏതൊരു വ്യക്തിയോടും ഏതെങ്കിലും രേഖയോ, സാധനമോ, ഏതെങ്കിലും വിവരമോ ആവശ്യപ്പെട്ടാൽ അത്തരം ആൾ, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 175-ഉം 176-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിൽ അങ്ങനെ ചെയ്യാൻ നിയമപരമായി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 212-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റ് ആയി കണക്കാക്കപ്പെടുന്നതാണ്.

8. <u>ജില്ലാ കളക്ടറുടെ അധികാരം</u>.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ കളക്ടർക്ക് ഈ ആക്റ്റ് പ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടികൾക്ക് ഭംഗം വരാതെ അദ്ദേഹത്തിന് ശരിയെന്ന് ബോദ്ധ്യം വരുന്നപക്ഷം അങ്ങനെ നടപടിയെടുക്കാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയലോ നീർത്തടമോ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരേണ്ടതിലേക്കായി ചെലവഴിച്ച തുക അപ്രകാരം രൂപാന്തരപ്പെടുത്തിയ ഭൂമിയുടെ ഉടമസ്ഥനേയോ അല്ലെങ്കിൽ അധിവാസിയേയോ കേട്ടതിനുശേഷം അയാളിൽനിന്നും ഈടാക്കുവാനുമുള്ള അത്തരം നടപടി എടുക്കാവുന്നതുമാണ്.

9. <u>തദ്ദേശ സ്ഥാപനം ലൈസൻസ് നിഷേധിക്കണമെന്ന്</u>.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും (1994-ലെ 20) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ നീർത്തടത്തിലോ ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശസ്ഥാപനവും നൽകുവാൻ പാടുള്ളതല്ല.

10. <u>തരിശ്ശിട്ടിരിക്കുന്ന നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള നോട്ടീസ്</u>.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, ഉത്തരവിലോ, കീഴ്വഴക്കത്തിലോ, ആചാരത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്ക്, തന്റെ അധികാരപരിധിയിൽ വരുന്ന കൃഷിയിറക്കാതെ കിടക്കുന്നതും നടപ്പ് കൃഷിയിറക്കുകാലത്ത് തരിശ്ശിടാൻ സാദ്ധ്യതയുണ്ടെന്ന് കളക്ടർക്ക് അഭിപ്രായം ഉള്ളതുമായ, ഏതെങ്കിലും നെൽവയലിന്റെ അവകാശിയോട് നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ, നേരിട്ടോ മറ്റേതെങ്കിലും ആൾ മുഖേനയോ നെല്ലോ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം മറ്റേതെങ്കിലും വിളയോ കൃഷി ചെയ്യുന്നതിന് ആവശ്യപ്പെട്ടുകൊണ്ട്, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും ലിഖിതമായ നോട്ടീസ് നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ്, നെൽവയലിന്റെ അവകാശിക്ക് പ്രസ്തുത നോട്ടീസിന്റെ ഒരു പ്രതി നേരിട്ട് നൽകിക്കൊണ്ടോ ഹാജരാക്കിക്കൊണ്ടോ നടത്താവുന്നതും അപ്രകാരമുള്ള സ്ഥലത്തിന്റെ അവകാശിയെ കണ്ടുകിട്ടുന്നില്ല എങ്കിൽ, നോട്ടീസിന്റെ ഒരു പ്രതി അയാളുടെ വീടിന്റെ പുറത്തെ വാതിലിലും മറ്റൊരു പ്രതി അതുമായി ബന്ധപ്പെട്ട നെൽവയലിന്റെ ശ്രദ്ധേയമായ ഭാഗത്തും പതിച്ചുകൊണ്ട് നോട്ടീസ് നടത്താവുന്നതാണ്.

(3) പ്രസ്തുത നെൽവയലിന്റെ അവകാശി, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കാലാവധിക്കുള്ളിൽ അല്ലെങ്കിൽ അപേക്ഷയിന്മേൽ കളക്ടർ നീട്ടി നൽകാവുന്ന പ്രകാരമുള്ള കാലാവധിക്കുള്ളിൽ, നോട്ടീസിൽ അടങ്ങിയിട്ടുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

11. <u>നെൽവയലിൽ കൃഷിയിറക്കുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കൽ</u>.—(1) 10-ാം വകുപ്പു പ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നതിൽ നെൽവയലിന്റെ അവകാശി വിഴ്ച വരുത്തുന്നിടത്ത്, കളക്ടർക്ക് തർക്കവിഷയമായ നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അയാളുടെ അവകാശം, സാധാരണഗതിയിൽ മൂന്ന് വർഷം വരെ ആകാവുന്ന, ഒരു നിശ്ചിത കാലയളവിലേക്ക് ലേലം ചെയ്തോ അല്ലാതെയോ ഏല്പിച്ചുകൊടുക്കുന്നതിന്, ഉത്തരവ് വഴി, നിർദ്ദേശം നൽകുകയും ഏർപ്പാടാക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുമ്പോൾ അപ്രകാരമുള്ള നെൽവയൽ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾക്കും പാടശേഖര സമിതികൾക്കും, സ്വയം സഹായ സംഘങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്.

12. വസ്തുവിന്മേലുള്ള അവകാശ കൈമാറ്റം സംബന്ധിച്ച ചില സംഗതികളും അതിനുമേലുള്ള അപ്പീലും സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഒരു നെൽപ്പാടം കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുത്തത് നിലവിലിരിക്കെ, പ്രസ്തുത നെൽപ്പാടത്തിന്റെ അവകാശി അയാൾക്ക് ആ നെല്പാടത്തിന്മേലുള്ള അവകാശം കൈമാറ്റം ചെയ്യുന്ന സംഗതിയിൽ, അപ്രകാരമുള്ള കൈമാറ്റം സംബന്ധിച്ച്, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും അപ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും, കളക്ടർക്ക് നോട്ടീസ് നൽകേണ്ടതാണ്.

(2) അപ്രകാരം കൈമാറ്റം ലഭിച്ചയാൾ, പ്രസ്തുത നെൽപ്പാടം കൃഷി ചെയ്യുന്നതിന് തയ്യാറാണെങ്കിൽ, വസ്തു വിണ്ടെടുത്ത് നൽകുന്നതിന് കളക്ടറോട് അപേക്ഷിക്കാവുന്നതും കളക്ടർ, നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതി മുതൽ നെൽപ്പാടം കൃഷി ചെയ്യുന്നതിനുള്ള അവകാശം അവസാനിപ്പിച്ചുകൊണ്ട് ബന്ധപ്പെട്ടയാളിന് നോട്ടീസ് നൽകേണ്ടതും 11-ാം വകുപ്പുപ്രകാരമുള്ള അവകാശം വാങ്ങിയതിന്റെ കാലാവധി അവസാനിച്ചിട്ടില്ല എന്നിരുന്നാൽത്തന്നെയും അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള തീയതി മുതൽ, അത്തരം നെൽപ്പാടം കൃഷി ചെയ്യുന്നതിന് പ്രസ്തുത ആളിനുണ്ടായിരുന്ന അവകാശം അവസാനിക്കുന്നതുമാണ് :

എന്നാൽ, കൃഷി ചെയ്യുന്നതിനുള്ള അവകാശം അവസാനിക്കുന്ന തീയതിയിൽ പ്രസ്തുത നെൽപ്പാടത്തിൽ ഏതെങ്കിലും വിള കൃഷിയിറക്കിയിട്ടുണ്ടെങ്കിൽ, ആ വിളയുടെ വിളവെടുപ്പ് കഴിയുന്നതുവരെ, കളക്ടർ, അയാളെ പ്രസ്തുത നെൽപ്പാടത്തിൽ നിന്ന് ഒഴിപ്പിക്കാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പ് പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അത്തരം നോട്ടീസ് തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അപ്പീലിന് കാരണമായ നോട്ടീസിന്റെ പകർപ്പോടുകൂടി അപ്പീൽ നൽകാവുന്നതാണ്.

13. ചില സംഗതികളിൽ അവകാശം ഏൽപ്പിച്ചുകൊടുത്ത ആളിനെ ഒഴിപ്പിക്കൽ.—ഒരു നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചു കൊടുത്ത ആളിനെ, അതിൽ നെൽകൃഷിയോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള മറ്റ് വിളകളോ കൃഷി ചെയ്യുന്നതിനും അതിന്റെ വിളവെടുക്കുന്നതിനും ഉള്ള അവകാശം ഒഴികെ, മറ്റ് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ലാത്തതും, അതത് സംഗതിപോലെ അപ്രകാരമുള്ള അവകാശം ആർജ്ജിച്ച കാലയളവ് തീർന്നതിനുശേഷമോ അല്ലെങ്കിൽ പ്രസ്തുത അവകാശം അവസാനിപ്പിച്ചശേഷമോ അയാൾ പ്രസ്തുത നെൽവയൽ കൈവശം വയ്ക്കുന്നത് തുടരുന്നപക്ഷം, അപ്രകാരം കാലാവധി തീരുമ്പോഴോ അല്ലെങ്കിൽ അവസാനിപ്പിക്കുമ്പോഴോ സത്വരമായി ഒഴിപ്പിക്കപ്പെടേണ്ടതുമാണ്.

14. കളക്ടർക്ക് ബലപ്രയോഗം നടത്താമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവ് നടപ്പിലാക്കുന്നതിന് വേണ്ടി കളക്ടർക്ക് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ന്യായമെന്ന് തോന്നുന്ന നടപടി എടുക്കുകയോ എടുപ്പിക്കുകയോ അല്ലെങ്കിൽ ബലപ്രയോഗം നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതാണ്.

15. പ്രവേശിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും ഉള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി, റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ, വാഹനമോ, മറ്റ് വാഹന സൗകര്യമോ ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അത്തരം പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട്, അപ്രകാരം പിടിച്ചെടുത്ത് നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചാലും ഇല്ലെങ്കിലും, ആ പ്രദേശത്ത് അധികാരിതയുള്ള കളക്ടർക്ക് നൽകേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള പരിശോധന നടത്തലിനും പിടിച്ചെടുക്കലിനും, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്), പരിശോധന നടത്തലും പിടിച്ചെടുക്കലും സംബന്ധിച്ച വ്യവസ്ഥകൾ, കഴിയാവുന്നിടത്തോളം, ബാധകമാകുന്നതാണ്.

16. യാനങ്ങൾ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 7-ാം വകുപ്പു പ്രകാരമോ 15-ാം വകുപ്പുപ്രകാരമോ ഉള്ള പിടിച്ചെടുക്കൽ സംബന്ധിച്ച ഒരു റിപ്പോർട്ട് കളക്ടർക്ക് ലഭിച്ചാൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പക്ഷം പിടിച്ചെടുത്ത വസ്തുക്കൾ കണ്ട് കെട്ടാൻ ഉത്തരവിടാവുന്നതാണ് :

എന്നാൽ, അത് കണ്ടുകെട്ടുന്നതിന് പകരം, അപ്രകാരം പിടിച്ചെടുത്ത സാമഗ്രികളുടെ, ജില്ലാകളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയുടെ ഒന്നര മടങ്ങിന് തുല്യമായ തുക കെട്ടിവെയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം അതിന്റെ ഉടമസ്ഥനോ അഥവാ സൂക്ഷിപ്പുകാരനോ നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കണ്ടുകെട്ടിക്കൊണ്ടുള്ള യാതൊരു ഉത്തരവും, ജില്ലാ കളക്ടർ, അതിന്റെ ഉടമസ്ഥന് പറയാനുള്ളത് പറയാനുള്ള ഒരവസരം നൽകിയിട്ടല്ലാതെ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പു പ്രകാരമുള്ള യാതൊരു ഉത്തരവും, (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് നൽകിയതിൽ ഏതെങ്കിലും അപാകതയോ പിഴവോ സംഭവിച്ചു എന്ന കാരണത്താൽ മാത്രം, അതിലെ വ്യവസ്ഥകൾ തത്വത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അസാധുവാകുന്നതല്ല.

17. കണ്ടുകെട്ടലിനെതിരെയുള്ള അപ്പീൽ.—16-ാം വകുപ്പുപ്രകാരം കണ്ടുകെട്ടിക്കൊണ്ടുള്ള ഒരു ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും, പ്രസ്തുത ഉത്തരവ് സംബന്ധിച്ച് അയാൾക്ക് അറിയിപ്പ് നൽകിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം, സാമഗ്രികൾ പിടിച്ചെടുത്ത പ്രദേശത്ത് അധികാരിതയുള്ള ജില്ലാ കോടതി മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, ജില്ലാ ജഡ്ജി, കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയശേഷം, അപ്പീലിന് വിധേയമായ ഉത്തരവ് സ്വീകരിച്ചുകൊണ്ടോ, ഭേദഗതി ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

18. കണ്ടുകെട്ടൽ നടപടി മറ്റ് ശിക്ഷകളെ ബാധിക്കില്ല എന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥ പ്രകാരം കണ്ടുകെട്ടികൊണ്ട് കളക്ടർ എടുത്ത നടപടി, അത് ബാധകമായ ആൾക്ക് ഈ ആക്റ്റിന് വിധേയമായി ശിക്ഷ നൽകുന്നതിന് ബാധിക്കുന്നതല്ല.

19. പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള ശിക്ഷ.— ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വരുദ്ധമായി, പ്രമുഖ നെല്ലുല്പാദന പ്രദേശത്തുള്ള ഏതെങ്കിലും നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ അല്ലെങ്കിൽ നീർത്തടം പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ അവയിൽ നിന്നും മണൽ നീക്കം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ, ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ മൂന്ന് വർഷം വരെ ആകാവുന്നതുമായ തടവും അൻപതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപ വരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

20. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തി ഒരു കമ്പനിയാണെങ്കിൽ, ആ ലംഘനം നടത്തിയ സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും, കമ്പനിയുടെ ബിസിനസ് നടത്തുന്നതിൽ കമ്പനിയോട് ഉത്തരവാദിത്തമുണ്ടായിരുന്നതുമായ ഓരോ വ്യക്തിയും, ആ കമ്പനിയും ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടുന്നതും, അതനുസരിച്ച് നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്:

എന്നാൽ, ലംഘനം നടന്നത് ഒരു ആളുടെ അറിവോടെയല്ല എന്നും, അല്ലെങ്കിൽ അയാൾ പ്രസ്തുത ലംഘനം തടയാൻ വേണ്ടത്ര ജാഗ്രത പുലർത്തിയിരുന്നു എന്നും തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ അങ്ങനെയുള്ള ആളെ യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിൽ ഒരു കമ്പനി ഒരു കുറ്റം ചെയ്തിരിക്കുകയും, കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ കമ്പനിയിലെ മറ്റ് ഉദ്യോഗസ്ഥന്റെയോ ഭാഗത്ത് ഏതെങ്കിലും ഉപേക്ഷ ആരോപിക്കപ്പെടാവുന്നതായ സമ്മതത്തോടോ മൗനാനുവാദത്തോടോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളത് എന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത് പ്രസ്തുത ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിക്ക് വിധേയനാക്കേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) 'കമ്പനി' എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥ മാകുന്നതും അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ;

(ബി) ഒരു ഫേമിനെ സംബന്ധിച്ച ഡയറക്ടർ എന്നാൽ ആ ഫേമിന്റെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

21. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടേണ്ട തായ യാതൊരു കുറ്റവും അപ്രകാരമുള്ള കുറ്റത്തിന് ഹേതുവായ വസ്തുതകൾ സംബ ന്ധിച്ച്, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഒരു ആഫീസറുടെ രേഖാമൂലമുള്ള റിപ്പോർട്ടിൻമേലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

22. സിവിൽ കോടതികൾ നിരോധന ഉത്തരവ് മുതലായവ നൽകുന്നത്.—ഈ ആക്റ്റോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ, വിജ്ഞാപനങ്ങളോ പ്രകാരം സർക്കാരോ അല്ലെങ്കിൽ ഈ ആക്റ്റ് അധികാരപ്പെടുത്തിയ അങ്ങനെയുള്ള ഉദ്യോഗ സ്ഥനോ ചെയ്തതോ ചെയ്യേണ്ടതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഒരു പ്രവർത്തിയെ സംബന്ധിച്ച്, സർക്കാരിനോ അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ അധികാ രപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി ഒരു നിരോധന ഉത്തരവോ അല്ലെങ്കിൽ മറ്റേതെങ്കിലും പരിഹാരത്തിനുള്ള ഉത്തരവ് നൽകുന്നതിനോ, അതത് സംഗതിപോലെ, നോട്ടീസ് നൽകിയിട്ടില്ലാത്തപക്ഷം, യാതൊരു സിവിൽ കോടതിയും ഒരു നിരോധന ഉത്തരവോ അല്ലെങ്കിൽ മറ്റേതെങ്കിലും പരിഹാര ഉത്തരവോ സർക്കാരിനോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എതിരെ നൽകാവുന്നതല്ല.

23. സർക്കാരിന് കിട്ടേണ്ടതായ തുകകൾ ഭൂമിയിൽ നിന്നുള്ള കര കുടിശ്ശിക പോലെ വസൂലാക്കാവുന്നതാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സർക്കാ രിന് കിട്ടേണ്ടതായ ഏതു തുകയും ഭൂമിയിന്മേലുള്ള നികുതി കുടിശ്ശികയായി കണക്കാ ക്കേണ്ടതും മറ്റേതെങ്കിലും മാർഗ്ഗത്തിലുള്ള വസൂലാക്കലിന് ഭംഗം വരാതെ കാലാകാല ങ്ങളിൽ നിലവിലിരിക്കുന്ന നികുതി കുടിശ്ശിക വസൂലാക്കൽ ആക്റ്റിൻ കീഴിൽ തിരിച്ചു പിടിക്കേണ്ടതുമാണ്.

24. റിവിഷൻ.—സർക്കാരിന് സ്വമേധയായോ സങ്കടമനുഭവിക്കുന്ന ആളിന്റെ അപേക്ഷയിന്മേലോ ഈ ആക്റ്റുപ്രകാരം ഏതൊരു സംഗതിയിന്മേലുമുള്ള കളക്ടറുടെ ഏതൊരു പ്രവർത്തിയുടെയോ നടപടിയുടെയോ രേഖകൾ ആവശ്യപ്പെ ടാവുന്നതും അതിന് ഉചിതമെന്ന് തോന്നുന്ന അപ്രകാരമുള്ള, ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

25. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യത്തെ സംബന്ധിച്ച് ഏതൊരാൾക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നില നിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും മുഖേന എന്തെങ്കിലും നഷ്ടം ഉണ്ടാകുകയോ ഉണ്ടാകാൻ ഇടയാവുകയോ ചെയ്താൽ സർക്കാരിനെതിരെ യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

26. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ഈ ആക്റ്റുപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കുട്ടനാടും പാലക്കാടും അതുപോലുള്ള മറ്റ് പ്രദേശങ്ങളും അടുത്തകാലം വരെയും കേരളത്തിന്റെ നെൽപ്പുരകളായി വർത്തിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടു കൊണ്ട് ഈ സ്ഥിതിക്ക് മാറ്റം സംഭവിച്ചു. നെല്ലും അവശ്യ ഭക്ഷ്യ വസ്തുക്കളും കൃഷി ചെയ്യുന്നതിൽ നിന്നും നാണ്യവിളകളിലേക്കുള്ള ഭയാജനകമായ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു. നെൽവയൽ പരിവർത്തനം ചെയ്യുന്നതുമൂലം നെൽകൃഷിയുടെ വിസ്തൃതി, 1970–കളിൽ എട്ടു ലക്ഷം ഹെക്ടറിൽ കൂടുതൽ എന്നതിൽ നിന്നും 2000–ത്തിൽ രണ്ടു ലക്ഷം ഹെക്ടറായി കുത്തനെ കുറഞ്ഞിരിക്കുന്നു. കേരളത്തിന് ആവശ്യമായ അരിയുടെ എൺപത് ശതമാനത്തിലധികം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായി ഉണ്ടായ പല മാറ്റങ്ങളും നെൽവയൽ നികത്തുന്നതിന് ഇടവരുത്തിയിട്ടുണ്ട്. നെൽവയലുകൾ നാണ്യവിളത്തോട്ടങ്ങളായി പരിവർത്തനപ്പെടുത്തുന്നതുകൊണ്ട്, കേരളത്തിൽ ഉടനീളമുള്ള നെൽവയലുകൾ കടുത്ത ഭീഷണി നേരിടുന്നു. പുതിയ നിർമ്മാണങ്ങൾക്കുവേണ്ടി ചതുപ്പുകളും നികത്തപ്പെടുന്നു. സ്ഥിരമായ നെൽകൃഷി സാമ്പത്തികമായി വിജയപ്രദമല്ലെന്ന് ഭൂരിപക്ഷം ഭൂവുടമകളും കരുതുകയും കൂടുതൽ ആദായകരമായ വിളകളിലേക്കും കൃഷി രീതികളിലേക്കും മാറുന്നതിന് മോഹിക്കുകയും ചെയ്യുന്നു. നെൽവയൽ നികത്തുന്നത്, നീർത്തട മേഖലയുടെ പാരിസ്ഥിതിക

അപചയത്തിനും മണ്ണിന്റെ ഫലഭൂയിഷ്ടതയെ പ്രതികൂലമായി ബാധിക്കുന്നതായ ജൈവ സമ്പുഷ്ടതാക്കുറവിനും വ്യാപകമായ മണ്ണൊലിപ്പിനും കിണറുകളിലേയും കുളങ്ങളിലേയും മറ്റും ജലനിരപ്പ് താഴുന്നതിനും ഇടയാക്കിയിട്ടുണ്ട്. പരിസ്ഥിതി ഘടനയുടെ സഹജ സ്വഭാവം വീണ്ടെടുക്കാനാവാത്തവിധം എന്നെന്നേക്കുമായി നഷ്ടപ്പെടുന്നതുവഴി ഉണ്ടാകുന്ന യഥാർത്ഥ നഷ്ടം സമൂഹത്തിനാണ്. കർഷകത്തൊഴിലാളികൾക്കും ഗ്രാമീണ വനിതകൾക്കും നേരിട്ടും നേരിട്ടല്ലാതെയും തൊഴിൽ നഷ്ടം ഉണ്ടാകുന്നതിനും ഇത് ഇടവരുത്തുന്നു. ഇപ്പോഴത്തെക്കാളധികം കടുത്ത ജലക്ഷാമം ദരിദ്രരായ ഗ്രാമീണർക്ക് അനുഭവിക്കേണ്ടതായി വരും. നെൽവയലിലും ചുറ്റുവട്ടത്തിൽ നിന്നും ലഭ്യമായിരുന്ന പോഷക സംപുഷ്ടവും വിലകുറവുള്ളതുമായ ഭക്ഷ്യപദാർത്ഥങ്ങളുടെ ലഭ്യത അവർക്ക് നഷ്ടമാകും. വിഭവ നഷ്ടത്തിന്റെ യഥാർത്ഥ മൂല്യത്തെയും ഉപജീവന നിലവാരത്തിൽ ഉണ്ടാക്കുന്ന പരിണതഫലത്തേയും പ്രശ്നത്തിന്റെ രൂക്ഷതയേയും സംബന്ധിച്ച് ഭൂരിപക്ഷം പേരും അജ്ഞരാണ്. നിലവിലുള്ള രീതി തുടർന്നുപോയാൽ സമീപഭാവിൽ തന്നെ അവശേഷിക്കുന്ന നെൽപ്പാടങ്ങൾകൂടി അപ്രത്യക്ഷമാകുന്നതിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

2. സമൂഹത്തിന്റെയും മാനവരാശിയുടെയും പൊതുതാൽപര്യാർത്ഥം നെൽവയലുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. നീർത്തടങ്ങളുടെ പരിസ്ഥിതി ധർമ്മം നിലനിർത്തിക്കൊണ്ടുതന്നെ കൃഷിയിറക്കാവുന്ന ഒരു ഉഭയവിളയാണ് നെല്ല് എന്നതിനാൽ നെൽകൃഷി എന്തുവിലകൊടുത്തും സംരക്ഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

3. അതുപോലെ, നീർത്തടങ്ങൾ കരഭൂമിയുടെയും ജലാശയത്തിന്റേയും സവിശേഷതകൾ ഉൾക്കൊള്ളുന്നതുകൊണ്ട് അവയ്ക്ക് ഭൂമിയിലെ ഏറ്റവും വൈവിധ്യമാർന്ന പരിസ്ഥിതി ഘടന ഉള്ളവയാണ്. നീർത്തടങ്ങളിലുള്ള വിവിധ സസ്യവർഗ്ഗങ്ങൾ വിവിധ ജന്തുസമൂഹങ്ങൾക്ക് വാസവ്യവസ്ഥ പ്രദാനം ചെയ്യുന്നു. സൂക്ഷ്മജീവികൾക്കും നട്ടെല്ലില്ലാത്ത ജന്തുക്കൾക്കും പുറമേ നീർത്തടങ്ങളിൽ ഉരഗങ്ങളും സർവ്വസാധാരണമാണ്. പല ഉഭയജീവികളുടെയും ജീവിതചക്രത്തിന്റെ ഒരു ഘട്ടമെങ്കിലും ജലത്തിലാണ് ജീവിക്കുന്നത്. വളരെയധികം മത്സ്യവർഗ്ഗങ്ങൾക്ക് മുട്ടയിടുന്നതിനും തീറ്റതേടുന്നതിനും പ്രകൃത്യാ ഉള്ള ശത്രുക്കളിൽ നിന്നും രക്ഷ നേടുന്നതിനും നീർത്തട ആവാസ വ്യവസ്ഥ ആവശ്യമാണ്. ഭക്ഷ്യ വിഭവ സമൃദ്ധികൊണ്ടും കൂടുകൂട്ടുന്നതിനും വിശ്രമസങ്കേതത്തിനും ഇരതേടുന്നതിനും വേണ്ടി പക്ഷികൾ നീർത്തടങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. ജലം സംഭരിക്കുകയും വെള്ളപ്പൊക്കത്തിന്റെ കാഠിന്യം കുറയുമ്പോൾ താഴ്ന്ന പ്രദേശങ്ങളിലേക്ക് സാവധാനം ഊർന്നിറങ്ങുക വഴി ഉൾനാടൻ നീർത്തടങ്ങൾ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നു.

4. കേരളത്തിൽ ആകെയുള്ള നിർത്തടങ്ങളുടെ വിസ്തൃതി 127930 ഹെക്ടറാണ്. ഇതിൽ 34200 ഹെക്ടർ പ്രദേശം ഉൾനാടൻ നീർത്തടവും 93730 ഹെക്ടർ സമുദ്രതീര നീർത്തടങ്ങളുമാണ്. നമുക്ക് വയനാട് ജില്ലയിലെ പൂക്കോട്ടും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിലും തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിലുമായി മൂന്ന് ശുദ്ധജലതടാകങ്ങളാണുള്ളത്. കൃഷിക്കും അധിവാസത്തിനും വ്യവസായത്തിനും മറ്റ് പല ആവശ്യങ്ങൾക്കുംവേണ്ടി, ശുദ്ധജലതടാകങ്ങൾ ഉൾപ്പെടെയുള്ള നീർത്തടങ്ങൾ വറ്റി

ക്കുകയും നികത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതുമൂലം അവയെല്ലാം രൂക്ഷമായ ഭീഷണി നേരിടുകയാണ്. ഈ നടപടി തീർച്ചയായും പാരിസ്ഥിതിക സന്തുലിതാവസ്ഥ തകിടം മറിക്കുമെന്നും ജലക്ഷാമത്തിനും അനവരതമായ ജലസ്രോതസ്സുകൾ വരളുന്നതിനും ശുദ്ധജലം ലഭ്യമായ കിണറുകളിൽ ഉപ്പുരസം കലരുന്നതിനും ഇടവരുത്തും.

5. അതിനാൽ, കേരളത്തിലെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും ആവശ്യമായ വിവിധ വശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

6. നെൽവയലും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനും നിയമവിരുദ്ധവും വ്യാപകവുമായി നെൽവയലും നീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നതും നെൽവയലിൽ നിന്നും അനിയന്ത്രിതമായി ചെളി കുഴിച്ചെടുക്കുന്നത് നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തിന്റെ പാരിസ്ഥിതിക അവസ്ഥ പൊതുവായി മെച്ചപ്പെടുത്തുന്നതിനും ഇത് അവസരമൊരുക്കും.

ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള സർക്കാർ സംവിധാനത്തെ അവലംബിക്കുന്നു. ഈ ആവശ്യത്തിലേക്കായി ഒരു അധിക തസ്തികയും സൃഷ്ടിക്കുന്നില്ല. എന്നാലും ബില്ലിലെ 8-ാം ഖണ്ഡം ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ച് രൂപാന്തരപ്പെടുത്തിയിട്ടുള്ള യഥാർത്ഥമായ അവസ്ഥ പുനഃസ്ഥാപിക്കുന്നതിനും അതിന് ചെലവാകുന്ന തുക ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതിനും കളക്ടറെ അധികാരപ്പെടുത്തുന്നു. ഈ ആവശ്യത്തിലേക്കായി ചെലവാകാനിടയുള്ള തുക കൃത്യമായി ഈ ഘട്ടത്തിൽ കണക്കാക്കാൻ കഴിയുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച് മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിലെ (എൽ) ഇനത്തിൽ മറ്റേതെങ്കിലും നെൽവയൽ പ്രധാന നെല്ലുൽപ്പാദന പ്രദേശമായി വിജ്ഞാപനം ചെയ്യാവുന്ന രീതികൾ നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിന്റെ 10-ാം ഖണ്ഡം നെൽവയലിന്റെ ഉടമസ്ഥന് അത് തരിശ്ശായി ഇട്ടിരിക്കുകയാണെങ്കിൽ നോട്ടീസ് നൽകാവുന്ന മാതൃകയും രീതികളും നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 12-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം അത്തരം നെൽവയലിന്റെ അന്യാധീനപ്പെടുത്തൽ സംബന്ധിച്ച നോട്ടീസ് കളക്ടർക്ക് നൽകേണ്ട സമയപരിധിയും രീതിയും അത്തരം നോട്ടീസുകളിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം

ഉപഖണ്ഡം കളക്ടറുടെ (2)-ാം ഉപഖണ്ഡപ്രകാരമുള്ള ഉത്തരവിനെതിരെ ഒരു അപ്പീൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കാവുന്ന രീതി നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 25-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ ഭരണ പരമായ സ്വഭാവത്തോടുകൂടിയതാകുന്നു. കൂടാതെ ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മ പിരശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. പി. രാജേന്ദ്രൻ